## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2012 ജൂൺ 22, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

29 (*271) എം.എസ്.ഡി.പി.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, പിന്നോക്കാവസ്ഥയിലുള്ള ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ സമഗ്ര വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ (എം.എസ്.ഡി.പി.) ന്യൂനപക്ഷങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അവരെ ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും കേരളത്തിൽ നിന്ന് വയനാട് ജില്ല മാത്രമാണ് ന്യൂനപക്ഷ കേന്ദ്രീകൃത ജില്ല (എം.സി.ഡി)യായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്നും സഭയെ അറിയിച്ചു. ഇൻഡ്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചിന്റെ സർവ്വേയുടെ അടിസ്ഥാനത്തിലാണ് വയനാട് ജില്ലയെ പ്രസ്തുത പദ്ധതി

യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്രസർക്കാർ അനുവദിച്ച 14.53 കോടി രൂപയും സംസ്ഥാന വിഹിതവും ചേർത്ത് 19.85 കോടി രൂപ നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിക്കഴിഞ്ഞു. ന്യൂനപക്ഷ കേന്ദ്രീകൃതമായ 50 ബ്ലോക്കുകളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് ലിസ്റ്റ് അയച്ചുകൊടുത്തിട്ടുള്ളത് ഉടൻ പ്രാബല്യത്തിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള ന്യൂനപക്ഷ കാര്യ മന്ത്രാലയം രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട 90 ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള വിതരണം, വൈദ്യുതി, ഭവനം, റോഡ് തുടങ്ങിയ മേഖലകളിലുണ്ടാകുന്ന വികസനം മറ്റ് വിഭാഗങ്ങൾക്കുകൂടി പ്രയോജനപ്രദമാകുന്ന തരത്തിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്രസർക്കാരാണ് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടത്. 11-ാം പദ്ധതിയിൽ ന്യൂനപക്ഷക്ഷേമത്തിനായി കേന്ദ്രസർക്കാർ അനുവദിച്ച തുക പൂർണ്ണമായും നേടിയെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ കേരളത്തിന്റെ സാഹചര്യങ്ങൾക്ക് അനുകൂലമായ പദ്ധതികളാണ് ഇപ്പോൾ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരമേറ്റശേഷം പാലോളി കമ്മിറ്റി ശുപാർശപ്രകാരം മുസ്ലീം പെൺകുട്ടികൾക്ക് നൽകിവരുന്ന ഉന്നതവിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പിൽ വർദ്ധനവ് വരുത്തുകയും സ്കോളർഷിപ്പിനുള്ള വരുമാന പരിധി 4.5 ലക്ഷം രൂപയാക്കി ഉയർത്തുകയും 12,000 രൂപ ഹോസ്റ്റൽ ഫീസ് നൽകുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ ഇപ്പോൾ 6 കോച്ചിംഗ് സെന്ററുകളാണുള്ളതെന്നും തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകളിൽക്കൂടി കോച്ചിംഗ്

സെന്ററുകൾ ആരംഭിക്കുന്നതിനുള്ള എ.എസ്. കിട്ടിയിട്ടുണ്ടെന്നും സബ് സെന്ററുകൾ ആരംഭിക്കുന്നതിനും പൊന്നാനിയിലെ കോച്ചിംഗ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

30 (*272) <u>ഏകീകൃത ബാലവികസന പദ്ധതി (ഐ.സി.ഡി.എസ്.)</u>

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) നൽകിയ മറുപടിയിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ഏകീകൃത ബാലവികസന പദ്ധതി (ഐ.സി.ഡി.എസ്.) കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കിവരുന്നതെന്നും ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടിംഗ് സംവിധാനം നടപ്പിലാക്കുന്നതാണെന്നും എം.ഐ.എസ്. (മാനേജുമെന്റ് ഇൻഫർമേഷൻ സിസ്റ്റം)-ലൂടെ 33,000 അംഗൻവാടികളെയും ഒരു നെറ്റ്‌വർക്ക് സംവിധാനത്തിന്റെ കീഴിൽ മോണിറ്റർ ചെയ്യുന്നതിനുള്ള നടപടികളെടുത്തുവരികയാണെന്നും സഭയെ അറിയിച്ചു. സാമൂഹ്യക്ഷേമ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി അംഗൻവാടി വർക്കേഴ്സിനെ ഘട്ടംഘട്ടമായി പ്രീ-പ്രൈമറി ടീച്ചേഴ്സിന്റെ നിലവാരത്തിലേയ്ക്കുയർത്തുകയും അംഗൻവാടികളിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം ഉൾപ്പെടുത്തുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 300 അംഗൻവാടി വർക്കർമാർക്ക് ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്ന തരത്തിലേയ്ക്ക് അംഗൻവാടികളുടെ നിലവാരം ഉയർത്തുന്നതാണ്. പ്രീ-പ്രൈമറി നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന ഘട്ടത്തിൽ അംഗൻവാടി വർക്കർമാരുടെ ശമ്പളത്തിൽ വർദ്ധനവുണ്ടാ

കുന്നതാണ്. കുട്ടികളുടെ വളർച്ചാ നിരീക്ഷണത്തിനായി ലോകാരോഗ്യ സംഘടന നിഷ്കർഷിച്ചിട്ടുളള ഗ്രോത്ത് ചാർട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുകയും കുട്ടികളിലെ പോഷകാഹാരക്കുറവ് കണ്ടെത്തുന്നതിന് നടപടിയെടുക്കുകയും സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതല ഐ.സി.ഡി.എസ്. സെല്ലിൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ നിയമിച്ചതു കൂടാതെ ഏഴ് എൽ.ഡി.സി. തസ്തികകൾ സൃഷ്ടിക്കുകയും ജില്ലാതല സെല്ലിൽ 3 ജൂനിയർ സൂപ്രണ്ട് തസ്തികകൾ സൃഷ്ടിക്കുകയും 12 ഹെഡ് അക്കൗണ്ടന്റ് തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് സീനിയർ സൂപ്രണ്ട് എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും സ്റ്റാഫ് പാറ്റേൺ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. അംഗൻവാടികൾ സാമൂഹ്യ വിഭവ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി 2010-11 വർഷം അനുവദിച്ച സംസ്ഥാന വിഹിതമായ ഒരു കോടി രൂപയിൽ കണ്ണൂർ ജില്ലയിലെ ഏഴ് അംഗൻവാടികൾക്കായി അനുവദിച്ച 24.5 ലക്ഷം രൂപ സറണ്ടർ ചെയ്യാൻ ഇടയായെങ്കിലും ബാക്കിയുളള വർഷങ്ങളിൽ വകയിരുത്തിയ മൊത്തം തുകയും ചെലവഴിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് അംഗൻവാടികളുടെ നവീകരണത്തിനുളള നടപടി സ്വീകരിക്കുന്നത്. 140 നിയോജകമണ്ഡലങ്ങളിലും 10 സെന്റ് സ്ഥലത്ത് മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതോടൊപ്പം വൃദ്ധജനങ്ങൾക്കായി പകൽവീട്, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി റിസോഴ്സ്/കൗൺസലിംഗ് സെന്ററുകൾ എന്നിവ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും 80 കോടി രൂപ ഇതി

നായി നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും പുതിയതായി ആരംഭിച്ച ഐ.സി.ഡി.എസ്. ഹെഡ് ഓഫീസിന് കെട്ടിടം പണിയാനായി കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭ്യമാക്കുന്നതാണെന്നും അംഗൻവാടിയുമായി ബന്ധമില്ലാത്ത ജോലികൾ അംഗൻവാടി വർക്കർമാർ ചെയ്യാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും 11 മുതൽ 18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള 'സബല' പദ്ധതി കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കിവരുന്നുണ്ടെന്നും കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായാൽ മറ്റു ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

31 (*273) <u>ഭൂവുടമകളുമായി കരാറുണ്ടാക്കി പഴം പച്ചക്കറി കൃഷി</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ) നൽകിയ മറുപടിയിൽ, ഭക്ഷ്യസുരക്ഷയുടെ ഭാഗമായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭൂവുടമകളുമായി കരാറുണ്ടാക്കി കൃഷി ചെയ്യുന്ന ഒരു പദ്ധതി നടപ്പിലാക്കിയതിലൂടെ 725 ഹെക്ടർ തരിശുഭൂമി കൃഷിയിടങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും ഇതിനായി 243 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും 691 ഹെക്ടർ സ്ഥലത്ത് പഴം, പച്ചക്കറി കൃഷി ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി ഈ വർഷം 3200 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാ

ക്കുന്നതാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. പച്ചക്കറി, കിഴങ്ങുവർഗ്ഗം, നെല്ല് എന്നിവയ്ക്ക് ഹെക്ടറിന് 25,000 രൂപ, വാഴകൃഷിക്ക് 35,000 രൂപ, ഭൂവുടമയ്ക്ക് ഹെക്ടറിന് 5000 രൂപ എന്ന നിരക്കിൽ ധനസഹായം നൽകി സഹകരണ മേഖല, സ്വയംസഹായ സംഘങ്ങൾ എന്നിവയെ ബന്ധപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ നീക്കിവച്ചിട്ടുണ്ടെങ്കിലും കൂടുതൽ തുക ഈ പദ്ധതിക്കായി ചെലവഴിക്കാൻ കഴിയും. കരാർ കൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള നടപടികളെടുത്തുവരികയാണ്. ഒരു വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും വിദ്യാർത്ഥികൾക്ക് പച്ചക്കറി കിറ്റ് നൽകുന്നതിനെപ്പറ്റി ആലോചിച്ചുവരികയാണെന്നും ടെറസിലെ പച്ചക്കറി കൃഷി വിജയകരമാണെന്നും പഴം പച്ചക്കറി സംസ്കരണ കേന്ദ്രങ്ങളും ശീതീകരിച്ച സംഭരണശാലകളും ആരംഭിക്കുന്നതിന് നടപടിയെടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 274 മുതൽ 300 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2838 മുതൽ 3193 വരെയുള്ള ചോദ്യങ്ങളിൽ 146 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)